**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1894** **31-08-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ ഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യബന്ധന വള്ളങ്ങളുടെയും ബോട്ടുകളുടെയും രജിസ്ട്രേഷൻ ഫീസ് വർദ്ധനവ് ഒഴിവാക്കണമെന്ന മത്സ്യത്തൊഴിലാളി സംഘടനകളുടെ ആവശ്യത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (എ) | 2018 ലെ വിജ്ഞാപന പ്രകാരം മത്സ്യബന്ധന യാനങ്ങൾക്ക് ഏർപ്പെടുത്തി യിരിക്കുന്ന രജിസ്ട്രേഷൻ ഫീസുകൾ മത്സ്യത്തൊഴിലാളികൾക്ക് താങ്ങാൻ കഴിയുന്നതിനേക്കാളും അപ്പുറമാണ് എന്ന് പറഞ്ഞു മത്സ്യമേഖലയിലെ വിവിധ സംഘടനകൾ അന്നത്തെ ഫിഷറീസ് മന്ത്രിക്കും മുഖ്യമന്ത്രിയ്ക്കും നിവേദനങ്ങൾ നൽകിയിരുന്നു. പ്രസ്തുത നിവേദനങ്ങളുടെയും അപേക്ഷകളുടെയും അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പ് മന്ത്രി സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ ലൈസൻസ് ഫീസുകൾ കുറക്കുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ രജിസ്ട്രേഷൻ ഫീസ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) | മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ ഫീസിലെ വർദ്ധനവ് പുന:പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | 2018 ലെ വിജ്ഞാപന പ്രകാരം മത്സ്യബന്ധന യാനങ്ങൾക്ക് ഏർപ്പെടുത്തി യിരിക്കുന്ന രജിസ്ട്രേഷൻ ഫീസുകൾ മത്സ്യത്തൊഴിലാളികൾക്ക് താങ്ങാൻ കഴിയുന്നതിനേക്കാളും അപ്പുറമാണ് എന്ന് പറഞ്ഞു മത്സ്യമേഖലയിലെ വിവിധ സംഘടനകൾ അന്നത്തെ ഫിഷറീസ് മന്ത്രിക്കും മുഖ്യമന്ത്രിയ്ക്കും നിവേദനങ്ങൾ നൽകിയിരുന്നു. പ്രസ്തുത നിവേദനങ്ങളുടെയും അപേക്ഷകളുടെയും അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പ് മന്ത്രി സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ ലൈസൻസ് ഫീസുകൾ കുറക്കുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ രജിസ്ട്രേഷൻ ഫീസ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു. |
| (സി) | വള്ളങ്ങളുടെയും ബോട്ടുകളുടെയും രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിനുള്ള വ്യവസ്ഥകളിൽ മാറ്റം | (സി) | ഇല്ല. നിലവിൽ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള വ്യവസ്ഥ അനുബന്ധം (2) ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

| Sl. No. | Category of fishing vessel based on LOA | Amount of Fee (Rs.) |
|---|---|---|
| (1) | (2) | (3) |
| 1 | Below 5 meter | 100 |
| 2 | 5-9.99 meter | 300 |
| 3 | 10-14.99 meter | 2000 |
| 4 | 15-19.99 meter | 3000 |
| 5 | 20-24.99 meter | 15000 |
| 6 | 25 meter and above | 25000 |

**അനുബന്ധം-2**

| **Hull Meterial** | **Fishing vessel with Wheelhouse** | **Fishing vessel without Wheelhouse** |
|---|---|---|
| Wood | 12 Years | 8 years |
| Steel | 15 Years | NA |
| FRP | 18 Years | 12 Years |

മുകളിൽ പരാമർശിച്ചിരിക്കുന്ന കാലപ്പഴക്കം കഴിഞ്ഞ യാനങ്ങൾക്ക് നിലവിൽ രജിസ്ട്രേഷൻ പുതുക്കി നല്കുന്നില്ല.